<u>**15 -ാം കേരള നിയമസഭ**</u>

<u>**10 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2000**</u> <u>**02-02-2024 - ൽ മറുപടിയ്ക്ക്**</u>

<u>**ഉദുമ നിയോജകമണ്ഡലത്തിലെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഉദുമ നിയോജകമണ്ഡലത്തിൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട ജി.എച്ച്.എസ്. കുറ്റിക്കോൽ ഗ്രൗണ്ട് നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന ഉദുമ നിയോജകമണ്ഡലത്തിലെ കുറ്റിക്കോൽ ജി.എച്ച്.എസ്. ഗ്രൗണ്ട് നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ടിൽ നിന്നുള്ള ഭരണാനുമതി ലഭ്യമാക്കുന്നതിനായി പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കാസർഗോഡ് ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. |
| (ബി) | ഈ പ്രവൃത്തി എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | പദ്ധതിക്ക് എം.എൽ.എ. ഫണ്ടിൽ നിന്നും ഭരണാനുമതി ലഭിച്ചതിനു ശേഷം കായിക യുവജനകാര്യ ഡയറക്ടർ സമഗ്ര ഭരണാനുമതി നൽകുന്നതാണ്. അതിനു ശേഷം പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിക്കുന്നതാണ്. ടി പ്രവൃത്തി ആരംഭിച്ച് 6 മാസത്തിനകം പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ